**പതിനാലാം കേരള നിയമസഭ**

പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.800 05.02.2020 -ലെ മറുപടിക്ക്**

**കരിങ്കാളിമ്മൽ കോളനിയുടെ നവീകരണ പ്രവൃത്തി**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">മറുപടി</th></tr>
<tr><td colspan="2">ശ്രീ.പുരുഷൻ കടലുണ്ടി</td><td colspan="2">എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>ബാലുശ്ശേരി മണ്ഡലത്തിലെ അംബേദ്ക്കർ സ്വയം പര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്ന കരിങ്കാളിമ്മൽ കോളനിയുടെ പ്രവൃത്തി ഇപ്പോൾ എത് ഘട്ടത്തിലാണെന്നറിയിക്കാമോ;</td><td>(എ)</td><td>
<table>
<tr><th>ക്രമ നം.</th><th>എസ്റ്റിമേറ്റിൽ അംഗീകരിച്ച പ്രവൃത്തികൾ</th><th>നിലവിലെ അവസ്ഥ</th></tr>
<tr><td>1</td><td>ഭവനപുന:രുദ്ധാരണം (40 എണ്ണം)</td><td rowspan="3">പ്രവൃത്തി പൂർത്തീകരിച്ചു</td></tr>
<tr><td>2</td><td>റോഡ് നിർമ്മാണം</td></tr>
<tr><td>3</td><td>കിണർ പുന:രുദ്ധാരണം</td></tr>
<tr><td>4</td><td>ഫുട്പാത്ത് (5 എണ്ണം)</td><td>4 എണ്ണം പൂർത്തീകരിച്ചു<br>1 എണ്ണം ആരംഭിച്ചിട്ടില്ല</td></tr>
<tr><td>5</td><td>വാട്ടർ ടാങ്ക്</td><td>സ്ഥലം ലഭിച്ചിട്ടില്ല</td></tr>
<tr><td>6</td><td>അംഗൻവാടി കെട്ടിട നിർമ്മാണം</td><td rowspan="2">പ്രവൃത്തി ആരംഭിച്ചിട്ടില്ല</td></tr>
<tr><td>7</td><td>പമ്പ് ഹൗസ്</td></tr>
</table>
</td></tr>
<tr><td>(ബി)</td><td>ഈ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് എന്താണ് നിലവിലുള്ള തടസ്സമെന്നത് അറിയിക്കാമോ;</td><td>(ബി)</td><td>പൂർത്തീകരിക്കാൻ അവശേഷിക്കുന്ന കുടിവെള്ള ടാങ്ക് നിർമ്മാണത്തിനായി ഭൂമി നൽകാമെന്ന് അറിയിച്ചിരുന്ന വ്യക്തി മരണപ്പെടുകയും ടിയാന്റെ അനന്തരവകാശികൾ ഭൂമി കൈമാറാൻ തയ്യാറാകാത്തതിനാൽ ടാങ്കിന് ആവശ്യമായ ഭൂമി വിലകൊടുത്ത് വാങ്ങാൻ തീരുമാനിക്കുകയും ആയതിന്റെ നടപടി പുരോഗമിച്ച് വരികയും ചെയ്യുന്നു.</td></tr>
</table>

| | | | |
|---|---|---|---|
| | | | പൂർത്തീകരിക്കുവാൻ അവശേഷിക്കുന്ന ഒരു ഫുട്പാത്തിന് അടിയിലൂടെയാണ് കുടിവെള്ള ടാങ്കിന്റെ പൈപ്പ് ലൈൻ കടന്ന് പോകേണ്ടത്. ടാങ്കിന്റെ ഭൂമി ലഭ്യമായാൽ ഉടൻതന്നെ ടി പ്രവൃത്തിയും പമ്പ് ഹൗസിന്റെ പ്രവൃത്തിയും ആരംഭിക്കുന്നതാണെന്ന് ഏജൻസി അറിയിച്ചിട്ടുണ്ട്.<br>അംഗൻവാടി നിലവിൽ പ്രവർത്തിച്ച്കൊണ്ടിരിക്കുന്ന കെട്ടിടം പൊളിച്ച് മാറ്റി പുതിയ കെട്ടിടം പണിയേണ്ടതുണ്ട്. ആയതിലേയ്ക്കായി നിലവിലുള്ള അംഗൻവാടിയുടെ പ്രവർത്തനം അനുയോജ്യമായ മറ്റൊരു കെട്ടിടത്തിലേയ്ക്ക് മാറ്റേണ്ടതുണ്ട്. ഇതിനായി ഐ.സി.ഡി.എസ് സൂപ്പർവൈസറെ അറിയിച്ചെങ്കിലും പ്ലാൻ, എസ്റ്റിമേറ്റ് എന്നിവയ്ക്ക് സാമൂഹ്യനീതി വകുപ്പിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസരിച്ചുള്ള അനുമതി ലഭിച്ച ശേഷമേ അംഗൻവാടിയുടെ പ്രവർത്തനം ആരംഭിക്കാൻ സാധിക്കുകയുള്ളൂവെന്ന് ഏജൻസി അറിയിച്ചിട്ടുണ്ട്. |
| (സി) | ഈ പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കാനാവുമെന്നാണ് കരുതുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | കുടിവെള്ള ടാങ്കിനുള്ള ഭൂമി ലഭിച്ചാലുടൻതന്നെ പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുവാൻ കഴിയുമെന്ന് ഏജൻസി പ്രതിനിധി അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ